പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 471 — 27.09.2011-ൽ മറുപടിയ്ക്ക്

വനം വകുപ്പുമുഖേനയുള്ള തടി ലഭ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |

(എ) വനം വകുപ്പിന്റെ ഡിപ്പോകളിൽ ശേഖരിച്ചിട്ടുള്ള തടികൾ സ്വകാര്യ വ്യക്തികൾക്ക് വീട് നിർമ്മിക്കുന്നതിലേക്ക് നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(എ) സ്വകാര്യ വ്യക്തികൾക്ക് ലേലത്തിൽ പങ്കെടുക്കാതെ വീട് നിർമ്മിക്കുന്നതിനായി മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ തേക്ക് II, III, IV ക്ളാസുകളിൽപ്പെട്ട പരമാവധി 5 ക്യൂബിക് മീറ്റർ തടി നേരിട്ട് ഡിപ്പോകളിൽ നിന്നും വാങ്ങുന്നതിനുള്ള പദ്ധതി വനംവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ഇനത്തിൽപ്പെട്ട തടികളാണ് നൽകുന്നതെന്നും, തടിയുടെ വില നിശ്ചയിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കുമോ,

(ബി) തേക്ക് ഇനത്തിൽപ്പെട്ട II, III, IV ക്ലാസ് തടികളാണ് ഇപ്രകാരം നല്കുന്നത്. ടെറിറ്റോറിയൽ സർക്കിൾ തലവൻ ചെയർമാനായും, തടി വില്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടെറിറ്റോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ മെമ്പർമാരുമായിട്ടുള്ള കമ്മിറ്റി ബന്ധപ്പെട്ട ഡിപ്പോകളിൽ വില്പനയ്ക്ക് വയ്ക്കുന്ന തടിയുടെ ചുറ്റുവണ്ണം, ഗുണനിലവാരം, പ്രസ്തുത ക്ളാസ് തടിക്ക് കഴിഞ്ഞ ലേലത്തിൽ ലഭിച്ച വില എന്നിവയുടെ അടിസ്ഥാനത്തിൽ ചില്ലറ വില്പനയ്ക്കുള്ള തടിയുടെ വില നിശ്ചയിക്കുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തടികൾ ലഭിക്കുന്നതിലേക്ക് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; | (സി) | സ്വന്തം ആവശ്യത്തിനാണ് തടി വാങ്ങുന്നത് എന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ (മേൽ വിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ മുതലായവ) ബന്ധപ്പെട്ട ഡിപ്പോ ഓഫീസർക്ക് മുമ്പിൽ ഹാജരാക്കി ആയത് പരിശോധിച്ച ശേഷം അർഹതയുടെ അടിസ്ഥാനത്തിൽ ഇതിനായി നീക്കിവച്ചിട്ടുള്ള തടികളിൽ നിന്നും അപേക്ഷകന് തന്റെ ആവശ്യത്തിലേയ്ക്കുള്ള തടി തെരഞ്ഞെടുക്കാവുന്നതാണ്. തെരഞ്ഞെടുത്ത തടിയുടെ 1/10 വില (പരമാവധി 20000/- രൂപ) അപ്പോൾ തന്നെ പണമായോ ആ സ്ഥലത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കേണ്ടതാണ്. മുഴുവൻ തുകയും അടച്ചാൽ അന്നു തന്നെ തടി നീക്കം ചെയ്യാം. അല്ലാത്തപക്ഷം ബാക്കി തുക 3 ദിവസത്തിനകം അടയ്ക്കേണ്ടതും തുടർന്ന് 7 ദിവസത്തിനകം വാങ്ങിയ തടി ഡിപ്പോയിൽ നിന്ന് നീക്കം ചെയ്യേണ്ടതുമാണ്. ദിവസം 10 രൂപാ നിരക്കിൽ തറവാടക ഈടാക്കിക്കൊണ്ട് തുടർന്ന് 15 ദിവസത്തേയ്ക്ക് വാങ്ങിയ തടി സൂക്ഷിക്കാൻ അനുമതി നല്കുന്നതിന് ഡിപ്പോ ഓഫീസർക്ക് അധികാരമുണ്ട്. |
| (ഡി) | കൊല്ലം ജില്ലയിലുള്ള ഗുണഭോക്താക്കൾക്ക് ഏത് ഡിപ്പോയിൽ നിന്നാണ് തടി ലഭ്യമാകുന്നത്? | (ഡി) | കൊല്ലം ജില്ലയിലെ ഗുണഭോക്താക്കൾക്ക് കൊല്ലം ജില്ലയിലും സമീപ പ്രദേശത്തുമുള്ള കുളത്തൂപ്പുഴ, ആര്യങ്കാവ്, തെന്മല, അച്ചൻകോവിൽ, മുള്ളുമല, പത്തനാപുരം, കടയ്ക്കാമൺ, തൂയം, കോന്നി, വീയപുരം, അരീക്കക്കാവ് എന്നീ ഡിപ്പോകളിൽ നിന്നും തടി ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ